പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 91 | 26.02.2018 ൽ മറുപടിക്ക്

**ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവളം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഗതാഗത (ഡി) വകുപ്പിന്റെ 25.09.2017-ലെ G.O. (Ms)No.76/2017/TRANS നമ്പർ ഉത്തരവ് പ്രകാരം, ശബരിമല പുണ്യതീർത്ഥാടകരുടെ സൗകര്യാർത്ഥം നിർമ്മിക്കുന്ന പുതിയ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക്ക് ഫീസിബിലിറ്റി പഠനത്തിനായും മറ്റും ഏത് ഏജൻസിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; പേരു സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, ഇതിലേയ്ക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാ പഠനം നടത്തുന്നതിന് 21.02.2017 ലെ സ.ഉ.(കൈ) 13/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡി സി) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും ഒരു ആധികാരിക ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി കെ എസ് ഐ ഡി സി ഒരു താൽപര്യ പത്രം പ്രസിദ്ധപ്പെടുത്തുകയും, സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. 25.09.2017 ലെ ജി ഒ (എം എസ്)76/2017/ഗതാ നമ്പർ സർക്കാർ ഉത്തരവിലൂടെ ആയതിന് വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റുമായി കെ എസ് ഐ ഡി സി ധാരണാ പത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) തെരഞ്ഞെടുത്ത കമ്പനിക്ക് ഫീസിബിലിറ്റി പഠനത്തിനും മറ്റുമായി എത്ര രൂപയാണ് ഫീസ് നൽകുന്നത്; ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) യും (സി) യും (ഡി) യും (ഇ) യും | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും M/s ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ 4,55,40,000 രൂപ ഫീസ് നൽകി കൊണ്ടും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടും ജി.ഒ (എം.എസ്)76/17 പ്രകാരം ഉത്തരവായിരുന്നു.<br>(1) കേന്ദ്ര ഗവൺമെന്റിന്റെ ' in principle' അംഗീകാരവും |

(സി) എന്തൊക്കെ പ്രവൃത്തികൾ ചെയ്യുന്നതിനാണ് കമ്പനിക്ക് പ്രസ്തുത തുക നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളും പഠനങ്ങളും പൂർത്തീകരിക്കുന്നതിന് എത്ര നാൾ സമയമാണ് കമ്പനിക്ക് നൽകിയിരിക്കുന്നത്; ഇത് സംബന്ധിച്ച് സർക്കാരും കമ്പനിയുമായി എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) സർക്കാരിന്റെ ഏറ്റവും നല്ല പദ്ധതികളിലൊന്നായ പുതിയ വിമാനത്താവളത്തിന്റെ പണി എന്നു തുടങ്ങി എന്ന് പൂർത്തീകരിക്കാനാകുമെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

അന്തിമ റിപ്പോർട്ടും വാങ്ങി 9 മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(2) സർക്കാരിന് യാതൊരു തുടർ ബാധ്യതകളും ഉണ്ടായിരിക്കുകയില്ല.

(3) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭ്യമാകേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ ഒരു കൺസൾട്ടന്റ് എന്ന നിലയിൽ പൂർത്തീകരിക്കേണ്ട എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ ബിൽ തീയതി വരെയുള്ള കൺസൾട്ടൻസി ഫീസും ജി എസ് റ്റി യും ചേർത്തുള്ള തുക നൽകാൻ 30.01.18 ലെ സ.ഉ.(കൈ) നം.9/2018/ഗതാഗതം പ്രകാരം ഉത്തരവായിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റിന്റെ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

SRഇ.

സെക്ഷൻ ഓഫീസർ